www.prepp.in

Prepp
Your Personal Exams Guide

CATEGORY - III

PART - 2

Malayalam

Question Numbers 41 to 70

ഗദ്യഭാഗം വായിച്ച് തുടർന്നു കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക (41 മുതൽ 45 വരെ)

മനുഷ്യവംശത്തിന്റെ ചരിത്രത്തിൽ ഏറ്റവും ആഴത്തിൽ ഇടപ്പെട്ടു പ്രവർത്തിച്ചു-കൊണ്ടിരിക്കുന്ന ഭൗതികശക്തികളിൽ ഒന്നു-തന്നെയാണ് ആശയങ്ങൾ. അതുതിരിച്ച-റിഞ്ഞാൽ മാത്രമേ മനുഷ്യവംശം എന്തുകൊണ്ട് ആശയങ്ങളുടെയും അനുഭൂതികളുടെയും ലോകത്ത് നിമഗ്നമായിരിക്കുന്നു എന്ന് വ്യക്തമാവുകയുള്ളൂ. കവിതയായാലും കലയായാലും ദൈവസങ്കല്പമായും അദ്ധ്യാത്മ ഭാവനകളായും മിത്തുകളായും ഐതിഹ്യങ്ങ-ളായും മനുഷ്യവംശത്തെ വലയം ചെയ്തു നിൽക്കുന്ന, ആശയാനുഭൂതികളുടെ ലോകത്തി-നകത്താണ് നാമെല്ലാം കുടികൊള്ളുന്നത്. അതിനോട് പല നിലയിൽ ഇടഞ്ഞും ഇണങ്ങിയും പ്രവർത്തിച്ചിട്ടാണ് നാം നാമായി പുലരുന്നത്. നാം ആശയങ്ങളുടെ വ്യവസ്ഥയ്ക്കുള്ളിലും ആശയങ്ങളുടെ വ്യവസ്ഥകൾ നമുക്കുള്ളിലും നിരന്തരമായി പ്രവർത്തിക്കുന്നു. ഇവ തമ്മിലുള്ള വിനിമയത്തിനുള്ളിലാണ് നാമൊരു കവിതയുടെ അർത്ഥം അറിയുന്നത്. ഒരു പാഠത്തിന്റെ ഉള്ളടക്കം മനസിലാക്കാൻ ശ്രമിക്കുന്നത്.

41. താഴെ കൊടുത്തിരിക്കുന്നവയിൽ 'നിമഗ്നമാവുക' എന്നതിനു പകരം വയ്ക്കാവുന്ന, സമാന അർത്ഥമുള്ള മറ്റൊരു വാക്ക് ഏതാണ് ?

(A) ആലോചിക്കുക

(B) മുഴുകുക

(C) ആവേശിക്കുക

(D) ഉണർന്നിരിക്കുക

42. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് മനുഷ്യവംശത്തെ വലയം ചെയ്തു നിൽക്കുന്ന ആശയാനുഭൂതികളുടെ ലോകത്തിൽ ഉൾപ്പെടാത്തത് ?

(A) ദൈവസങ്കല്പം

(B) മിത്തുകൾ

(C) കല

(D) ഭൗതികവസ്തുക്കൾ

43. ഈ ഖണ്ഡികയിൽ ഊന്നൽ നൽകി-യിട്ടുള്ളത് ഏതു കാര്യത്തിനാണ് ?

(A) മനുഷ്യവംശത്തിന്

(B) കവിതാപാഠത്തിന്

(C) ആശയങ്ങൾക്ക്

(D) ചരിത്രത്തിന്

www.prepp.in

Prepp
Your Personal Exams Guide

44. ലേഖകന്റെ അഭിപ്രായത്തിൽ, നാം ഒരു കവിതയുടെ അർത്ഥമറിയുന്നത് എന്തൊക്കെ തമ്മിലുള്ള വിനിമയത്തിന്റെ അടിസ്ഥാനത്തിലാണ് ?

(A) കവിതയും പാഠവും തമ്മിലുള്ള

(B) മനുഷ്യവംശവും ചരിത്രവും തമ്മിലുള്ള

(C) ആശയങ്ങളും അനുഭൂതികളും തമ്മിലുള്ള

(D) മനുഷ്യരുടെ ഉള്ളിലും പുറത്തുമുള്ള ആശയങ്ങളുടെ വ്യവസ്ഥകൾ തമ്മിലുള്ള

ExamPaperStudy.com

45. മനുഷ്യവംശത്തിന്റെ ചരിത്രത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശക്തിയെന്ന് ആശയങ്ങളെ വിളിക്കുന്നതിന്റെ പൊരുളെന്ത് ?

(A) ആശയാനുഭൂതികളുടെ ലോകത്തിനകത്ത് മനുഷ്യർ കുടികൊള്ളുന്നതുകൊണ്ട്

(B) ആശയങ്ങളെക്കുറിച്ച് മനുഷ്യർ ചിന്തിക്കുന്നതുകൊണ്ട്

(C) മനുഷ്യവംശവുമായി ആശയങ്ങൾ ഇടയുന്നതുകൊണ്ട്

(D) പാഠത്തിന്റെ അർത്ഥം മനസ്സിലാക്കാൻ കഴിയുന്നതുകൊണ്ട്

താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് തുടർന്നുകൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്തുക (46 മുതൽ 50 വരെ)

ആകാശ പാരാവാരപ്പരപ്പിൽക്കാണായ് നാനാ-
ഭൂഖണ്ഡങ്ങളെപ്പോലെ വർഷവാരിദജാലം
അറകൾക്കുള്ളിൽ നിന്നും ചെറു തേനീച്ചക്കൂട്ടം
പറന്നുമൂളിക്കൊണ്ട് പാരിലേയ്ക്കിറങ്ങുംപോൽ
പിന്നെ വീഴുകയായി തുള്ളികൾ തുരുതുരെ
വിണ്ണിന്റെ കണ്ണീർപോലെ, ചിരിമുത്തുകൾപോലെ
ബന്ധനവിമോചന വിജയോത്സവം മാരി-
ബിന്ദുക്കൾക്കിപ്പോൾ,മദോന്മത്തരാണവരിപ്പോൾ
പുല്ലാഞ്ഞിച്ചില്ലത്തുമ്പിൽ പൂത്തിരി
കത്തിക്കുന്നു;
ചില്ലുപൊട്ടുകൾ വാരിത്തൂവുന്നു കുളങ്ങളിൽ
മുറ്റത്തെപ്പേരമരക്കൊമ്പിൽത്തുള്ളുന്നു;
ചുടുമണ്ണിൽ
പറ്റമായ് പ്രതിച്ഛീയൽക്കൂട്ടമായ് പിടയ്ക്കുന്നു!
കാർമുകിൽക്കാരാഗാരം തകർത്തു വരുന്നൊരു
നീർമണിക്കൂട്ടങ്ങളേ, നിങ്ങൾക്കെന്നഭിവാദ്യം!

www.prepp.in

Prepp
Your Personal Exams Guide

46. മേഘങ്ങളെ കവി എന്തൊക്കെയായി കല്പിക്കുന്നു ?

(A) വിണ്ണിന്റെ കണ്ണീരും ചിരിമുത്തുകളും

(B) ഭൂഖണ്ഡങ്ങളും കാരാഗൃഹവും

(C) തേനീച്ചക്കൂട്ടവും ഭൂഖണ്ഡങ്ങളും

(D) കാരാഗൃഹവും പാരാവാരവും

47. 'നിങ്ങൾക്കെന്നഭിവാദ്യം' എന്ന പദം അർത്ഥവ്യക്തതയോടെപിരിച്ചെഴുതുന്നതെങ്ങനെ?

(A) നിങ്ങൾ + ക്ക് + അഭിവാദ്യം

(B) നിങ്ങൾക്ക് + എൻ + അഭിവാദ്യം

(C) നിങ്ങൾ + ക്ക് + എന്ന + അഭിവാദ്യം

(D) നിങ്ങൾ + ക്ക് + എന്നഭിവാദ്യം

48. 'കടൽ' എന്ന അർത്ഥത്തിൽ കവിതയിൽ പ്രയോഗിച്ചിട്ടുള്ള ഒരു പദമേത് ?

(A) വാരിദം

(B) ജാലം

(C) പരപ്പ്

(D) പാരാവാരം

49. പെയ്തു തുടങ്ങുന്ന മഴയുടെ ഒച്ചയെ ഏതു അലങ്കാരകല്പനയിൽകൂടിയാണ് കവി സൂചിപ്പിക്കുന്നത് ?

(A) ചെറു തേനിച്ചക്കൂട്ടത്തിന്റെ മൂളൽ

(B) ഈയൽക്കൂട്ടത്തിന്റെ പിടയ്ക്കൽ

(C) വിണ്ണ് ഒഴുക്കുന്ന കണ്ണീർ

(D) പേരമരക്കൊമ്പിലെ തുള്ളൽ

50. മഴത്തുള്ളികൾക്ക് കവി അഭിവാദ്യം അർപ്പിക്കുന്നതിനുള്ള കാരണമെന്ത് ?

(A) പുല്ലാഞ്ഞിച്ചില്ലയിൽ പൂത്തിരി കത്തിക്കുന്നതുകൊണ്ട്

(B) ചിരിമുത്തുകൾ പൊഴിക്കുന്നതുകൊണ്ട്

(C) കാരാഗാരം തകർത്തു വരുന്നതുകൊണ്ട്

(D) വിജയോത്സവം ആഘോഷിക്കുന്നതുകൊണ്ട്

www.prepp.in

Prepp
Your Personal Exams Guide

51. താഴെ തന്നിരിക്കുന്നവയിൽ ശരിയായി എഴുതിയ വാക്ക് ഏതാണ് ?

(A) ആംഗിരണം

(B) സന്നിഗ്ദ്ധത

(C) പീഢനം

(D) മടയൻ

52. താഴെ കൊടുത്തിരിക്കുന്നവയിൽ ഘോഷാക്ഷരമേത് ?

(A) മ

(B) ഋ

(C) ഡ

(D) ഛ

53. ബീഭത്സം – എന്ന വാക്കിന്റെ അർത്ഥം :

(A) അറപ്പു തോന്നിക്കുന്നത്

(B) പേടിപ്പിക്കുന്നത്

(C) അസാധാരണമായ വലിപ്പമുള്ളത്

(D) തള്ളിക്കളയേണ്ടത്

54. 'കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ' - അടിവരയിട്ട പ്രയോഗത്തെ ഏറ്റവും ഉചിതമായി വിവരിച്ചിട്ടുള്ള വാക്യം ഏത് ?

(A) സ്വയം അറിഞ്ഞിടാത്തത് ഓർത്തുള്ള ദുഃഖം ഉടൻ കണ്ടു

(B) കണ്ടയുടൻ സ്വയം അറിയാതെ ഉണ്ടായ ദുഃഖം ഓർത്ത്

(C) കണ്ട ഉടനെ തിരിച്ചറിഞ്ഞില്ല എന്നതോർത്തുള്ള ദുഃഖം

(D) കണ്ടയുടൻ സ്വയം മറന്നുപോയത് ഓർത്തുണ്ടായ ദുഃഖം

55. വാരിധിതന്നിൽ തിരമാലകളെന്നപോലെ ഭാരതീപദാവലി തോന്നേണം കാലേ കാലേ – ഇതേ ചൊൽവടിവിലല്ലാത്ത ഈരടി ഏതാണ് ?

(A) തോളത്തു കനം തൂങ്ങും വണ്ടീതൻ തണ്ടും പേറി
കാളകൾ മന്ദംമന്ദം നടന്നു നീങ്ങീടുന്നു

(B) വാനമേ, ഗഗനമേ, വ്യോമമേ, സുരസ്സിദ്ധ
സ്ഥാനമേ, വിഹായസ്സേ, സഭസ്സേ, നമസ്കാരം

(C) ലാളിച്ചുപെറ്റ ലതയൻപൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽവച്ചു നിന്നെ

(D) മണ്ണു നീ കാലാകാലം ജ്യോതിസ്സിൻ പഥം താണ്ടി
ത്തന്നുടൽ ചുള്ളിഞ്ഞോളാമീ-പ്പുരാതന ഭൂമി

www.prepp.in

Prepp
Your Personal Exams Guide

56. ആഹാരം വസ്ത്രം പാർപ്പിടം ഇതെല്ലാം എല്ലാവർക്കും ആവശ്യമുള്ളവയല്ലേ – മുകളിലെഴുതിയ വാക്യത്തിനുവേണ്ട ചിഹ്നങ്ങൾ ശരിയായി രേഖപ്പെടുത്തിയ ജോടി ഏതാണ് ?

(A) അർദ്ധവിരാമവും (Semicolon) പൂർണ്ണവിരാമവും (Full stop)

(B) അല്പവിരാമവും (Comma) ചോദ്യചിഹ്നവും (Question mark)

(C) ചോദ്യചിഹ്നവും (Question mark) വിക്ഷേപിണിയും (Exclamation mark)

(D) അല്പവിരാമവും (Comma) ശൃംഖലയും (Hyphen)

57. പൂർവാധികം ഭംഗിയായി ആഘോഷിച്ചുവരുന്നു – ഈ വാക്യത്തിലെ 'വരുന്നു' എന്ന അനുപ്രയോഗംകൊണ്ട് സിദ്ധിക്കുന്ന വിശേഷ അർത്ഥമെന്ത് ?

(A) വിനയം

(B) പതിവ്

(C) നിസ്സഹായത

(D) ആഹ്ലാദം

58. 'ആ ഹൃദയോന്നതിക്കു മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്കു സാധിക്കും?' - ഈ വാക്യത്തിന് ഏറ്റവും യോജിച്ച അർത്ഥമേത് ?

(A) ആ ഹൃദയോന്നതിക്കും ആഭിജാത്യത്തിനും മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിക്കാൻ ആർക്കും കഴിയും.

(B) ആ ഹൃദയോന്നതിക്കും ആഭിജാത്യത്തിനും മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാൻ ആർക്കു കഴിയും ?

(C) ആ ഹൃദയോന്നതിക്കും ആഭിജാത്യത്തിനും മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിക്കാൻ ആർക്കും കഴിയില്ല.

(D) ആ ഹൃദയോന്നതിക്കും ആഭിജാത്യത്തിനും മുമ്പിൽ ഒരിറ്റു കണ്ണുനീർ ആരു തൂകാനാണ് !

59. യഥേഷ്ടം–എന്ന പദം പിരിച്ചെഴുതുന്നത് :

(A) യഥാ + ഇഷ്ടം

(B) യഥഃ + ഇഷ്ടം

(C) യഥ + ഇഷ്ടം

(D) യഥേ + ഇഷ്ടം

www.prepp.in

Prepp
Your Personal Exams Guide

60. താഴെ തന്നിരിക്കുന്നവയിൽ ഉപേക്ഷ, നിസ്സഹായത തുടങ്ങിയ ഭാവങ്ങൾ വെളിപ്പെടുത്തുന്ന പ്രയോഗമേതാണ് ?

(A) കൈമലർത്തുക

(B) കൈയടിക്കുക

(C) കൈവരിക്കുക

(D) കൈയടക്കുക

61. 'നിശ്ശബ്ദനായി നിന്ന അയാളെ ഒരു നീണ്ട തേങ്ങലോടെ ആ അമ്മ മുറുകെ കെട്ടിപ്പിടിച്ചു' – ഈ വാക്യത്തിലെ അടിവരയിട്ട പദം ഏതു വിഭാഗത്തിൽപ്പെടുന്നു?

(A) ക്രിയാവിശേഷണം

(B) പേരെച്ചം

(C) ഭേദകവിശേഷണം

(D) കാരകം

62. 'അറിയാനുള്ള ആഗ്രഹം' എന്ന അർത്ഥം വരുന്ന ഒറ്റപ്പദം ഏതാണ് ?

(A) തിതിക്ഷ

(B) പിപാസ

(C) വിവക്ഷ

(D) ജിജ്ഞാസ

63. വൃത്തമഞ്ജരീ ഭാഷ്യം എന്ന നിലയ്ക്ക് കുട്ടികൃഷ്ണമാരാർ എഴുതിയ കൃതി ഏതാണ് ?

(A) വൃത്തപഠനം

(B) വൃത്തവിചാരം

(C) ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമവും

(D) വൃത്തശില്പം

64. താഴെ തന്നിരിക്കുന്നവയിൽ പൂരണിതദ്ധിതത്തിനുള്ള ഉദാഹരണമേതാണ് ?

(A) വടക്കൻ

(B) പോയവൾ

(C) രണ്ടാം

(D) കാളിമ

65. 'വിതച്ചതു കൊയ്യുക' എന്ന ശൈലിയുടെ അർത്ഥം യോജിച്ചു വരുന്ന വരികൾ ഏതാണ് ?

(A) താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താന്താൻ അനുഭവിച്ചീടുകെന്നേ വരൂ

(B) വഹ്നിസന്തപ്ത ലോകസ്ഥാംബു ബിന്ദുനാ
സന്നിഭം മർത്യജന്മം ക്ഷണഭംഗുരം

(C) നല്ലനായിരിപ്പവൻ നല്ലതുഗ്രഹിച്ചീടും
വെള്ളത്തെ വെടിഞ്ഞു പാലന്ന-
മെന്നതുപോലെ

(D) കണ്ണാടി കാണ്മോളവും തന്നുടെ മുഖമേറ്റം
നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ

www.prepp.in

Prepp
Your Personal Exams Guide

66. മഞ്ഞനിലാവിലിറങ്ങാറില്ല
അരളിക്കൊമ്പിലുറങ്ങാറില്ല
കായൽ മുറിച്ചു പറക്കാറില്ല
കാലിയുമായി സൗഹൃദമില്ല – ഈ വരികളിലെ ശബ്ദാലങ്കാരമേതാണ് ?

(A) അന്ത്യപ്രാസം

(B) അനുപ്രാസം

(C) ആദിപ്രാസം

(D) യമകം

ExamPaperStudy.com

67. ശ്രാവണപുഷ്പങ്ങൾ – എന്ന പദം വിഗ്രഹിക്കുന്നതിനു സമാനമായി വിഗ്രഹിക്കാവുന്ന ഒരു പദമാണ് :

(A) പ്രിയദർശനൻ

(B) ശുഷ്കശരീരൻ

(C) തപോനിഷ്ഠ

(D) ഗുരുകുലവാസം

68. ഉള്ളൂർ എസ് പരമേശ്വരയ്യർ രചിച്ച സാഹിത്യ ചരിത്ര ഗ്രന്ഥമേതാണ് ?

(A) സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ

(B) സാഹിത്യചരിത്രം കാലഘട്ടങ്ങളിലൂടെ

(C) കേരളസാഹിത്യചരിത്രം

(D) മലയാളസാഹിത്യ ചരിത്രം

69. താഴെക്കൊടുത്തിരിക്കുന്നവയിൽ അർത്ഥസന്ദിഗ്ദ്ധതയും ഘടനാവൈകല്യവും ഇല്ലാതെ ആശയം വ്യക്തമാവുന്ന വാക്യം ഏത് ?

(A) സർക്കാർ സ്കൂളിൽ പഠിക്കുന്ന ബീഡിത്തൊഴിലാളികളുടെ കുട്ടികൾക്കെല്ലാം പ്രതിരോധ കുത്തിവെയ്പ് സൗജന്യമാണ്

(B) സുഖമില്ലാത്തതുകൊണ്ടാണ് കഴിഞ്ഞ മാസം ഞാൻ കളിക്കാൻ വരാതിരുന്നത്

(C) നാട്ടുകാരുടെ സഹായത്തോടെ അപകടം പറ്റിയ യാത്രക്കാരെ പോലീസ് ആശുപത്രിയിലെത്തിച്ചു

(D) മകനെ സുഖമായി വളർത്തുന്നതിനും വിദ്യാഭ്യാസം ചെയ്യിച്ച് വലിയ ആളാക്കാനും ആ വൃദ്ധമാതാവ് വളരെ കഷ്ടപ്പെട്ടു.

70. ചലച്ചിത്രങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതുകൊണ്ടുള്ള പ്രയോജനം ?

(A) കുട്ടികളെക്കൊണ്ട് സിനിമ നിർമ്മിക്കാൻ സാധിക്കും

(B) സിനിമാമേഖലയുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങളുമായി പരിചയപ്പെടാം

(C) പാഠപുസ്തകങ്ങളെക്കാൾ കുട്ടികൾ ചലച്ചിത്രങ്ങൾ ആസ്വദിക്കും

(D) ദൃശ്യങ്ങളും സാഹിത്യത്തെപ്പോലെ പഠിക്കേണ്ട വസ്തുതയാണെന്ന് മനസ്സിലാക്കുന്നു